# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5074 — 23/03/2018-ലെ മറുപടി

## സർക്കാർ നിയന്ത്രണത്തിൽ കുപ്പിവെള്ള വിതരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.ഉമ്മർ<br>ശ്രീ.എൻ .എ.നെല്ലിക്കുന്ന്<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ.ടി.എ.അഹമ്മദ് കബീർ | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പമന്ത്രി) |
| (എ) സംസ്ഥാനത്ത് കുപ്പിവെള്ള വിതരണ മേഖല നിലവിൽ സ്വകാര്യ കമ്പനികളുടെ നിയന്ത്രണത്തിലാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) സ്വകാര്യ കുപ്പിവെള്ള കമ്പനികൾ ധാരാളമായി പ്രവർത്തിക്കുന്ന സംഗതി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. |
| (ബി) പുതിയ നിയമ നിർമ്മാണത്തിലൂടെ സ്വകാര്യ കമ്പനികൾക്ക് യഥേഷ്ടം ഭൂഗർഭജലം ചൂഷണം ചെയ്യാൻ അനുമതി നൽകുന്നത് സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; | (ബി) യഥേഷ്ടം ചൂഷണം ചെയ്യുന്നതിന് അനുമതി നൽകുന്നുവെന്ന രൂപത്തിൽ വ്യാഖ്യാനിക്കപ്പെടാവുന്ന വ്യവസ്ഥകളിൽ വ്യക്തത വരുത്തുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. |
| (സി) പ്രകൃതി സമ്പത്തിന്റെ കാര്യത്തിൽ സുസ്ഥിര വികസനം സാധ്യമാക്കുന്നതിനായി സർക്കാർ നിയന്ത്രണത്തിൽ കുപ്പിവെള്ള വിതരണം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) കേരള വാട്ടർ അതോറിറ്റി ശുദ്ധമായ കുപ്പി വെള്ളം ഉത്പാദിപ്പിക്കുന്നതിന് തിരുവനന്തപുരം ജില്ലയിൽ അരുവിക്കരയിൽ മണിക്കൂറിൽ 7200 ലിറ്റർ ഉത്പാദന ശേഷിയുള്ള ഒരു പ്ലാന്റ് പൈലറ്റ് പദ്ധതി എന്ന നിലയിൽ നടപ്പിലാക്കുന്നു. പദ്ധതിയുടെ നിർമ്മാണം പൂർത്തീകരണ ഘട്ടത്തിലാണ് നിർമ്മാണം പൂർത്തിയാക്കി വ്യാവസായിക അടിസ്ഥാനത്തിലുള്ള ഉൽപ്പാദനവും വിപണനവും ബി.ഐ .എസ് , എഫ്.എസ് എസ് .എ .ഐ എന്നി വകുപ്പുകളിൽ നിന്ന് അനുമതി ലഭിക്കുന്ന മുറയ്ക്ക് ആരംഭിക്കുന്നതാണ്. ജലസേചന വകുപ്പിന്റെ KIIDC യുടെ കീഴിൽ ഹില്ലി അക്വ എന്ന പേരിൽ തൊടുപുഴയിൽ ഒരു കുപ്പിവെള്ള ഫാക്ടറി സ്ഥാപിച്ചിട്ടുണ്ട്. |

Renuka Sankar

സെക്ഷൻ ഓഫീസർ